# ALKHOZAMA INTERNATIONAL SCHOOL, DAMMAM
## B.E.S.T. Group of Schools, K.S.A.
Affiliated to CBSE – New Delhi- 5730008

**REVISION WORKSHEET - 1**
**GRADE – 8**

**Subject: MALAYALAM**

---

**I തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ആശയ വിനിമയത്തിൽ പത്രങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. കേരള പത്രിക, സത്യനാദ കാഹളം, കേരള സഞ്ചാരി, മലയാള മനോരമ എന്നിവ ആദ്യകാല മലയാള പത്രങ്ങളാണ്. പത്രത്തിൻറെ മുഖപ്രസംഗത്തിന് വലിയ പ്രാധാന്യമുണ്ട്. പ്രധാന സാമൂഹ്യസംഭവങ്ങളിൽ പത്രാധിപരുടെ ശരിയായ വീക്ഷണവും, നിലപാടും, വിലയിരുത്തലും വ്യക്തമാക്കുന്നത് മുഖപ്രസംഗത്തിലൂടെയാണ്. ഭരണാധികാരികൾക്ക് അവരുടെ കടമകളെപ്പറ്റി മുന്നറിയിപ്പ് നൽകുകയും അപ്രിയസത്യങ്ങൾ തുറന്നു പറയുകയുമാണ് ഒരു പത്രാധിപരുടെ കർത്തവ്യമെന്നു ജെംസിൽക് ബക്കിങ്ഹാം പറഞ്ഞിട്ടുണ്ട്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, സി.വി. കുഞ്ഞിരാമൻ, കെ.പി. കേശവമേനോൻ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ് എന്നിവർ മലയാള പത്രങ്ങളുടെ ചരിത്രത്തിൽ അവിസ്മരണീയ വ്യക്തിപ്രഭാവമുള്ള പത്രാധിപരായിരുന്നു.

1. മലയാളത്തിലെ ആദ്യകാല പത്രങ്ങൾ ഏതെല്ലാം ?
2. മുഖപ്രസംഗത്തിൻറെ പ്രാധാന്യം എന്ത് ?
3. പത്രാധിപരുടെ കർത്തവ്യത്തെക്കുറിച്ച് ജെംസിൽക് ബക്കിങ്ഹാം പറഞ്ഞതെന്ത് ?
4. മലയാളത്തിലെ പ്രശസ്തരായ പത്രാധിപർ ആരെല്ലാം ?
5. ഈ ഖണ്ഡികക്ക് ഉചിതമായ ശീർഷകം നൽകുക.

**II പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക**

1. മുറിക്കകത്തു
2. ചൊടിയാർന്ന
3. ഭവദ്ഗണം
4. വയ്യെടോ

5. പൂത്തിരു ട്ട്
6. പോലുമേ
7. കൈത്തളിര്
8. തീയതൊന്നും
9. കിരീടവും
10. വേലിച്ചെടി

**III** **വാക്യത്തിൽ പ്രയോഗിക്കുക**

1. കെടാവിളക്ക്
2. പരിഗണിക്കുക
3. തുടച്ചുനീക്കുക
4. ഗുണകരം,
5. ഗണ്യം
6. ദയനീയം
7. വകവരുത്തുക

**IV** **വിഗ്രഹാർത്ഥം എഴുതുക**

1. ആരോഗ്യം
2. ജന്തുജീവിതം
3. നാശനഷ്ടം
4. മലിനവസ്തു
5. ക്രമാധികം
6. ഇരപിടിയൻ
7. സുന്ദരപ്രഭാകണം
8. പൂമ്പട്ട്
9. ദയനീയസ്ഥിതി
10. വജ്രസൂചി

**V** **അംഗവാക്യം അംഗിവാക്യം എന്നിവ എടുത്തെഴുതുക**

1. ഇങ്ങനെ നോക്കുമ്പോൾ പ്രകൃതി സംരക്ഷണം അനിവാര്യമാണ്
2. പത്തുപതിനെട്ടു വർഷങ്ങൾകൊണ്ട്  മാനുകൾ പെറ്റുപെരുകി
3. ഇരപിടിയൻ വർഗത്തെ താങ്ങി നിർത്താൻ അവക്കു കഴിവുകാണില്ല
4. അതിരുവിട്ട ഇടപെടൽ മൂലം ഭക്ഷ്യ ശൃംഖല തരുന്നു.
5. ആനകളോട് ഇത്രയേറെ താല്പര്യം തോന്നാനുള്ള കാരണം അതിന്റെ വലുപ്പമാണ്

**VI** **പ്രയോഗം മാറ്റുക**

1. ഉത്സവങ്ങൾക്ക് ഗജവീരൻ മോടികൂട്ടുന്നു
2. പാപ്പാൻ  ആനയെ ചുള്ളിക്കമ്പുകൊണ്ടു നിയന്ത്രിക്കുന്നു
3. കുഞ്ഞു അമ്മയാൽ ഓമനിക്കപ്പെടുന്നു
4. ആംഗ്യങ്ങൾ  പ്രാസംഗികനാൽ  കാണിക്കപ്പെടുന്നു

**VII വിഗ്രഹാർത്ഥം എഴുതി സമാസം നിർണ്ണയിക്കുക.**

1. കരഘോഷം
2. മഹാകവി
3. അനാവശ്യം
4. മാത്സരികശക്തി
5. നെറ്റിപ്പട്ടം
6. ഉത്സവാഘോഷം
7. മുഖ്യ ശത്രു
8. ആനക്കൂട്ടം
9. കാട്ടരുവി
10. കീടനാശിനി
11. നാശനഷ്ടം

**VIII വാക്യത്തിലെ തെറ്റ് തിരുത്തുക.**

1. മനുഷ്യന്റെ അതിരു വിട്ട ഇടപെടൽ മൂലമാണ് ആ ശൃംഖല തകരാൻ കാരണം
2. വിദ്യാർത്ഥികളോട് ശാന്തരായിരിക്കുവാൻ അധ്യാപകൻ വീണ്ടും വീണ്ടും പലതവണ ആവശ്യപ്പെട്ടു.
3. രണ്ടു വർഗ്ഗങ്ങളും അവരാൽ സ്വയം തന്നെ നിയന്ത്രിക്കപ്പെടുന്നു
4. ജനങ്ങളുടെ ആവശ്യങ്ങൾ മറ്റു ഗത്യന്തരമില്ലാതെ നേതാവിന് അംഗീകരിക്കേണ്ടി  വന്നു .

**IX 'യുദ്ധത്തിൻറെ കെടുതി'കളെക്കുറിച്ചു ഒരു ലഘു ഉപന്യാസം എഴുതുക.**

**X പദ്യം എഴുതുക (ആദ്യത്തെ എട്ടു വരി)**

**XI ഉത്തരം എഴുതുക.**

1. വിഭക്തി എന്നാൽ എന്ത് ? വിഭക്തികളും പ്രത്യയങ്ങളും എഴുതുക.
2. സമാസം  എന്നാൽ എന്ത് ? തൽപുരഷ സമാസം, അവ്യയീഭാവ സമാസം, ദ്വിഗു സമാസം, ദ്വന്ദ സമാസം, ബഹുവ്രീഹി സമാസം - ഉദാഹരണ സഹിതം വിശദമാക്കുക.

*******************************************